# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 4-1409/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 4-1409/2023 തീയ്യതി: 20/12/2023

## ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2023 | 30-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-11-2023 | 30-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ആശ എം വി , ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ പുഷ്പ രാജ് വി കെ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രഞ്ജു പ്രകാശ് , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ സിജി ജോൺ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം കെ വേണു കുമാർ | പ്രസിഡന്റ് | 01-04-2022 | 12-04-2022 |
| ശ്രീമതി ബിന്ദു രാജേന്ദ്രൻ, വൈസ് പ്രസിഡന്റ്(പ്രസിഡന്റ് ഇൻ ചാർജ്ജ്) | പ്രസിഡന്റ് | 13-04-2022 | 24-07-2022 |
| ശ്രീ എം കെ വേണു കുമാർ | പ്രസിഡന്റ് | 25-07-2022 | 31-03-2023 |
| ശ്രീമതി . ശ്രീലേഖ ജി എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി . രമ്യ എസ് ആർ | കൃഷി ഓഫീസർ | 01-04-2022 | 22-04-2022 |
| ശ്രീമതി . സജിത പി എ | കൃഷി ഓഫീസർ | 23-04-2022 | 27-04-2022 |
| ശ്രീമതി . രമ്യ എസ് ആർ | കൃഷി ഓഫീസർ | 28-04-2022 | 24-07-2022 |
| ശ്രീമതി . സജിത പി എ | കൃഷി ഓഫീസർ | 25-07-2022 | 17-11-2022 |
| ശ്രീമതി . ധനലക്ഷ്മി ആർ | കൃഷി ഓഫീസർ | 18-11-2022 | 31-03-2023 |
| ശ്രീമതി . രേഖ സാഗർ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി . റാണി എസ് നായർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. അഖിൽ ജി ജി | മെഡിക്കൽ ഓഫീസർ , പി എച്ച് സി | 01-04-2022 | 02-01-2023 |
| ഡോ. സൂര്യമോൾ പങ്കജാക്ഷൻ | മെഡിക്കൽ ഓഫീസർ , പി എച്ച് സി | 03-01-2023 | 31-03-2023 |
| ഡോ. മനോജ് ശങ്കര നാരായണ അയ്യർ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2022 | 27-06-2022 |
| ഡോ. ഷേഷ്നാഗ് എം പി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 28-06-2022 | 04-07-2022 |
| ഡോ. സ്വപ്ന സി | മെഡിക്കൽ ഓഫീസർ , | 05-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ആയുർവേദം | | |
| ഡോ. അഭിലാഷ് എൻ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി . മിനി കെ നായർ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി . അമ്പിളി ഭാസ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 12-05-2022 |
| ശ്രീമതി . ബീന ശ്രീകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13-05-2022 | 03-08-2022 |
| ശ്രീ . രതീഷ് കുമാർ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-08-2022 | 31-03-2023 |
| ശ്രീമതി . നൂറ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 15-02-2023 |
| ശ്രീ . കാർത്തിക് വിശ്വാസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16-02-2023 | 31-03-2023 |
| ശ്രീമതി . മിനി ശ്രീധർ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ . അഖിൽ പ്രസാദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി . സ്നേഹ ബാബു എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി തൻവർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രിക ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-3 |
| 5 | തെറ്റായ ശീർഷകത്തിൽ വരവ് ചെയ്തു | 1-1-4 |
| 6 | യഥാസമയം പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് അക്കൌണ്ടിലേയ്ക്ക് മാറ്റിയില്ല | 1-1-5 |
| 7 | തെറ്റായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ആസ്തികൾ പൂർണമായും ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 21 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ലേലത്തുക അടവാക്കി | 1-11 |
| 22 | ഓഡിറ്റ് ഇംപാക്ട്-എൻ.ആർ.ഇ.ജി.എസ്-ആദായനികുതി ഈടാക്കി | 1-12 |
| 23 | വിവിധ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 24 | വസ്തു നികുതി -അപാകതകൾ | 1-14 |
| 25 | സർക്കാർ നിർദ്ദേശാനുസരണം മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിക്കുന്നില്ല | 1-15 |

| | | |
|---|---|---|
| 26 | ക്രമവൽക്കരണത്തിനുള്ള അപേക്ഷകരിൽ നിന്നും കുറവായി ഫീസ് ഈടാക്കി | 1-16 |
| 27 | U/A നമ്പർ നല്കിയിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതി -വൻ കുടിശ്ശിക | 1-17 |
| 28 | പെട്രോൾ പമ്പിന്റെ കനോപ്പി ഏരിയയ്ക്ക് വസ്തുനികുതി ചുമത്തുന്നില്ല | 1-18 |
| 29 | എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല. | 1-19 |
| 30 | ലേലം പൂർണ്ണമായും നടത്തിയിട്ടില്ല | 1-20 |
| 31 | ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയത്തിലെ ലൈബ്രറി പ്രവർത്തിക്കുന്നില്ല | 1-21 |
| 32 | പൊതു ടാപ്പുകൾ വിച്ഛേദിക്കൽ - വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമായില്ല. | 1-22 |
| 33 | പി.എച്ച്.സി-യെ എഫ്.എച്ച്.സി ആക്കുന്നതിനുള്ള തുക കൈമാറൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-23 |
| 34 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-24 |
| 35 | കുടിവെള്ളക്കരം കുടിശ്ശിക- ഫൈൻ പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കി | 1-25 |
| 36 | കന്നുകുട്ടി പരിപാലനം- പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-26 |
| 37 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-27 |
| 38 | ഐ.കെ.എം-വിഹിതം -വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-28 |
| 39 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-29 |
| 40 | ലൈഫ് ഭവന പദ്ധതി പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി ആരംഭിച്ചിട്ടില്ല | 1-30 |
| 41 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-31 |
| 42 | സാന്ത്വന പരിചരണം പ്രോജക്റ്റ് - മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-32 |
| 43 | റോഡ് കണക്ടിവിറ്റി മാപ്പ്- പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-33 |
| 44 | ടാർ ബാരൽ വിലയും ജി.എസ്.ടിയും കുറവു ചെയ്യുന്നത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു | 1-34 |
| | ഭാഗം **2** | |
| 1 | ക്രമവൽക്കരണത്തിനുള്ള അപേക്ഷകരിൽ നിന്നും കുറവായി ഫീസ് ഈടാക്കി | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.07.2023-ലെ കമ്മറ്റി 4(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 13.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേപ്പാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ചേപ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A).റേഷ്യോസ്

B).അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.23.11.2023) റേഷ്യോസുമായി ബന്ധപ്പെട്ട ഓപ്ഷനുകൾ ഐ.എൽ.ജി.എം.എസിൽ ലഭ്യമായിട്ടില്ലായെന്നും, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ 2023-24 സാമ്പത്തിക വർഷം മുതൽ എഴുതി സൂക്ഷിക്കുന്നതാണെന്നും മറുപടി നല്കി.)

1-1-2 മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി തൻവർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയതിൽ വ്യത്യാസം

മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി തൻവർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയതിൽ വ്യത്യാസം.

| ഇനം | 2021-22 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | തൻവർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയ തുക |
|---|---|---|
| 450210101-Nationalised Bank Account Of Own Revenue Fund | 14740752 | 14740762 |

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.23.11.2023) 2022-23 ലാണ് ചേപ്പാട് ഗ്രാമ പഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് ആരംഭിച്ചതെന്നും 2022-23-ന മുൻപുള്ള സിവിൽ രജിസ്ട്രേഷന്റെ ഓട്ടോ രസീപ്റ്റ് തുകയായ 10/-രൂപ ക്രഡിറ്റ് ആയത് 2022-23-ലാണെന്ന് മറുപടി നല്കി)

1-1-3 ക്യാഷ് ഫ്ലോ പത്രിക ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [14092711/- രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [2455998/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.23.11.2023) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ആയി വരുന്ന റിപ്പോർട്ടാണെന്നും ഇതിൽ വന്നിരിക്കുന്ന വ്യത്യാസം ഐ.കെ.എമ്മിൽ പരാതി നല്കി പരിഹരിക്കുന്നതാണെന്നും മറുപടി നല്കി.

1-1-4 തെറ്റായ ശീർഷകത്തിൽ വരവ് ചെയ്തു

A).ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഡി.സി.ബി വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെട്ടിരുന്നില്ല. Rent From Auditorium And Halls എന്നയിനത്തിൽ വാർഷിക കണക്ക് പ്രകാരം 27930/-രൂപയുടെ ഡിമാന്റും കളക്ഷനും രേഖപ്പെടുത്തിയിരുന്നു. എന്നാൽ പഞ്ചായത്തിന് ഇപ്രകാരം ഒരു ഓഡിറ്റോറിയമോ, ഹാളോ ഇല്ല. ഈ വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.23.11.2023) ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുക ഷോപ്പിംഗ് കോംപ്ലക്സ് റെന്റിന്റെ ഹെഡിൽ വരവ് ചെയ്തതിനാലും, ഷോപ്പിംഗ്

കോംപ്ലക്സ് റെന്റിനത്തിലുള്ള തുക Rent From Auditorium And Halls എന്ന ഹെഡിൽ വരവ് ചെയ്തതിനാലുമാണ് വ്യത്യാസത്തിനു കാരണമെന്ന് മറുപടി നല്കി. തെറ്റായി വരവ് ചെയ്തിട്ടുള്ള തുകകൾ ജേണൽ എൻട്രിയിലൂടെ മാറ്റം വരുത്തേണ്ടതാണ്.

B). രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-8, ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-7 എന്നിവ പ്രകാരം 170100101-Interest On Fixed Deposit എന്നയിനത്തിൽ 183648/-രൂപ മാത്രമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തൻവർഷം താഴെപ്പറയും പ്രകാരം ഫെഡറൽ ബാങ്ക് മുട്ടം ശാഖയിൽ നിന്നും ആകെ 233462/-രൂപ പലിശയിനത്തിൽ ലഭിച്ചിട്ടുണ്ട്.

| അക്കൌണ്ട് നം. | ആരംഭിച്ച തീയതി | സ്ഥിര നിക്ഷേപ തുക | തൻവർഷം ലഭിച്ച പലിശ |
|---|---|---|---|
| 13100400105329 | 17.06.2019 | 5989516/-രൂപ | 225223/-രൂപ |
| 13100400105691 | 30.08.2019 | 226540/- രൂപ | 8239/-രൂപ |
| ആകെ | | 6216056/-രൂപ | 233462/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.23.11.2023) അവശേഷിക്കുന്ന തുക Interest From Bank Account എന്ന ഹെഡിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി നല്കി. പ്രസ്തുത ഹെഡിൽ ആകെ 48813/-രൂപ മാത്രമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫിക്സഡ് ഡെപ്പോസിറ്റിൽ നിന്നുള്ള പലിശ വരവ് കഴിഞ്ഞാൽ മറ്റ് അക്കൌണ്ടുകളിൽ നിന്നുള്ള ആകെ പലിശ വരവ് 1001/-രൂപ മാത്രമാണ്. ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല.

1-1-5 യഥാസമയം പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് അക്കൌണ്ടിലേയ്ക്ക് മാറ്റിയില്ല

FEDERAL BANK OWN FUND MUTTOM(13100200002585) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Issued But Not Presented Into Bank എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ചെക്ക് കാലാവധിക്കുള്ളിൽ (3 മാസം) മാറിയിട്ടില്ലായെന്ന് കാണുന്നു.

ചെക്ക് നം.036614 തീയതി.06.10.2022 തുക 1332/- രൂപ

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൌണ്ടിലേയ്ക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരുന്നിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.23.11.2023) പ്രസ്തുത ചെക്ക് സ്റ്റെയിൽ ചെക്കിലേയ്ക്ക് മാറ്റുന്നതാണെന്ന് മറുപടി നല്കി.)

1-1-6 തെറ്റായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി

A).തൻവർഷം താഴെപ്പറയുന്ന പദ്ധതികൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചതായി കാണുന്നു.

| പ്രോജക്ട് നം. | ഉദ്ദേശം | നിക്ഷേപിച്ച തുക | സ്ഥാപനം |
|---|---|---|---|
| 118 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 150000 | കെ.എസ്.ഇ.ബി |
| 160 | സ്ട്രീറ്റ് ലൈൻ | 544652 | കെ.എസ്.ഇ.ബി |

| | | | |
|---|---|---|---|
| | മീറ്ററിംഗ് | | |
| 7 | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ | 928189 | കെ.എസ്.ഇ.ബി |
| 200 | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ | 297000 | കെ.എസ്.ഇ.ബി |
| 6 | പൊതു ടാപ്പ് വിച്ഛേദിക്കൽ | 300000 | വാട്ടർ അതോറിറ്റി |

ഈ പദ്ധതികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ തുകകൾ പൂർണമായും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ Advance To Implimenting Agencies - Deposit With Kerala Electricity Board/Kerala Water Authority എന്ന ഹെഡിൽ ഉൾപ്പെട്ടതായി കാണുന്നില്ല. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.23.11.2023) നിശ്ചിത ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.)

B).റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-33 Deposit Received (P) ഷെഡ്യൂളിൽ 340800101-Deposit Received From Others എന്ന ഹെഡിൽ 60000/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് യഥാർത്ഥത്തിൽ വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായമായി രണ്ട് ഗുണഭോക്താക്കൾക്ക് നല്കിയ തുകയാണ്. തെറ്റായ ഹെഡിൽ ബാധ്യത രേഖപ്പെടുത്തിയതു മൂലം തൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7-ൽ 340800101-Deposit Received From Others എന്ന ഹെഡിൽ (-)60000/-രൂപ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.23.11.2023) ഹെഡ് മാറി പോസ്റ്റ് ചെയ്തതാണെന്നും ആയത് 2023-24 വർഷം ഹെഡ് മാറ്റിയിട്ടിട്ടുണ്ടെന്നും മറുപടി നല്കി.)

1-1-7 അഡ്വാൻസ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല

ഫെസ്റ്റിവൽ അഡ്വാൻസ് ഒഴികെയുള്ള മറ്റ് മുൻകൂറുകളുടെ വിവരങ്ങളൊന്നും അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 31.03.2023-ൽ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.23.11.2023) ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.)

1-1-9 ആസ്തികൾ പൂർണമായും ഉൾപ്പെടുത്തിയില്ല

A).പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം 415120001-Local Self Government Institution Officer Building-Land എന്ന ശീർഷകത്തിൽ ആസ്തിയായി ഉൾപ്പെടുത്തി കാണുന്നില്ല.

B).തൻവർഷം 458407/-രൂപ മുടക്കി ഹരിതകർമ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങി നല്കിയിട്ടുണ്ട്. ആയത് പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തി കാണുന്നില്ല.

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി.23.11.2023) ഇവ പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.)

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24/03/2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 282648162 | 274057000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 132462581 | 130588392 |

28/02/2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 230936690 | 226401490 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16224397 |
| വരവ് | 35345823 |
| ആകെ | 51570220 |
| ചെലവ് | 32889825 |
| നീക്കിയിരിപ്പ് | 18680395 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1708015 | 10938245 | 12646260 | 12646260 | 0* |
| വികസനഫണ്ട് എസ്.സി.പി. | 0 | 586995 | 6163005 | 6750000 | 6484477 | 265523 (ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്-ട്രഷറി | 0 | 679309 | 679309 | 679309 | 394416 | 284893 (ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്-ബാങ്ക് | 2067713 | 0 | 3332000 | 5399713 | 1983648 | 3416065 (നീക്കിയിരിപ്പ്) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്-ട്രഷറി | 0 | 0 | 471146 | 471146 | 471146 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്-ബാങ്ക് | 368669 | 0 | 2449899 (പലിശ ഉൾപ്പെടെ) | 2818568 | 2768395 | 50173 (നീക്കിയിരിപ്പ്) |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 8310000 | 8310000 | 8310000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 0 | 4570000 | 4570000 | 2590000 | 1980000 |

*ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദേശ പ്രകാരം 2021-22 സാമ്പത്തിക വർഷം 90% നികുതി പിരിവ് കൈവരിക്കാത്തതിനാൽ 127740/-രൂപ വികസന ഫണ്ട് ജനറലിൽ നിന്നും കുറവ് ചെയ്തു.

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1.വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 10938245 | 12646260 |
| ചെലവ് | 12646260 | 12646260 |
| നീക്കിയിരിപ്പ് | (-)1708015 | 0 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 6163005 | 6750000 |
| ചെലവ് | 6484477 | 6484477 |
| നീക്കിയിരിപ്പ് | (-)321472 | 265523 |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലം വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

3.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 2067713 |
| വരവ് | 4011309 | 4011309 |
| ആകെ | 4011309 | 6079022 |
| ചെലവ് | 2452608 | 2378064 |
| നീക്കിയിരിപ്പ് | 1558701 | 3700958 |

4.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 368669 |
| വരവ് | 2692146 | 2692146 |
| പലിശ | 0 | 228899 |
| ആകെ | 2692146 | 3289714 |
| ചെലവ് | 3198039 | 3239541 |
| നീക്കിയിരിപ്പ് | (-)505893 | 50173 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 146 | 84228124 | 120 | 47215824 | 0 | 26 | 82% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 888722 | 888722 | 0* | 888722 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 41864242 | 41864242 | 41864242 | 0 |
| ആകെ | 0 | 42752964 | 42752964 | 41864242 | 888722 |

*തൻവർഷത്തെ ആകെ ഭരണചെലവ് 1014267/-രൂപയാണ്. ആയത് തനത് ഫണ്ടിൽ നിന്നും മുൻകൂറായി നല്കിയിരിക്കുന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവായി അക്കൌണ്ട് ചെയ്തിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 26640 | 37 |
| കർഷക തൊഴിലാളി പെൻഷൻ | 7574600 | 694 |
| വിധവാ പെൻഷൻ | 8412600 | 785 |
| വാർദ്ധക്യകാല പെൻഷൻ | 19865600 | 1943 |
| വികലാംഗ പെൻഷൻ | 2706400 | 250 |
| അവിവാഹിത പെൻഷൻ | 493200 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2023 തീയതിയിൽ 3.45 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 11769/- രൂപയുടെ നീക്കിയിരുപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല.

3) പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

4) സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

5) റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/25.11.23) മറുപടി ലഭ്യമാക്കി. ആയതിന്റെ അടിസ്ഥാനത്തിൽ നികുതി/നികുതിയേതര വരുമാനങ്ങളെ സംബന്ധിച്ച് നടത്തിയ അവലോകനം ചുവടെ ചേർക്കുന്നു.

ബജറ്റും വാർഷിക കണക്കും തമ്മിലുള്ള അന്തരം-

ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്കും പ്രകാരമുള്ള വരവുകൾ തമ്മിലുള്ള അന്തരം

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| Property Tax (Current) | 8400000 | 5294852 | -3105148 |
| Profession Tax (Current) | 2200000 | 1169480 | -1030520 |

| | | | |
|---|---|---|---|
| Rental Income | 200000 | 689431 | 489431 |
| Fee & User Charges | 2285000 | 893943 | -1391057 |
| Sale & Hire Charges | 620000 | 105662 | -514338 |
| Income From Investments | 0 | 183648 | 183648 |
| Interest Earned | 400000 | 49813 | -350187 |
| Other Income | 9125000 | 74 | -9124926 |
| ആകെ | 15670000 | 8386903 | - |

ബജറ്റും യഥാർത്ഥ വരവുകളും തമ്മിൽ വലിയ അന്തരമുണ്ട്.

വസ്തു നികുതി

മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം ബജറ്റിൽ വിഭാവനം ചെയ്തതിന്റെ 63% ശതമാനം മാത്രമാണ് പിരിച്ചിട്ടുള്ളത്.

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിന് 13.07.2023-ൽ 6(1) നമ്പരായി കമ്മിറ്റി തീരുമാനമെടുത്ത് ഈടാക്കി വരുന്നതായാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. ഇതു സംബന്ധിച്ച സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുള്ളത് 20.09.2023 ലാണ്. അതിനുമുമ്പ് 01.04.2023നു ശേഷവുമുള്ള പുതിയ കെട്ടിടങ്ങൾക്ക് പുതിയ നിരക്ക് നല്കുവാൻ സോഫ്റ്റ്‌വെയറിൽ കഴിയുന്നില്ലെന്നും ആയത് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (കൈ) നം.85/2023/lsgd/31.3.23 പ്രകാരം 10.04.2023 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ ഈടാക്കുന്നുണ്ട്.

സ.ഉ(കൈ) നം. 117/2022/lsgd തീയതി 01.06.2022 നമ്പർ സർക്കുലർ പ്രകാരം കുടിശ്ശികയും ആയത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാണെന്നാണ് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയത്.

സ.ഉ(കൈ) നം. 117/2022/lsgd തീയതി 01.06.2022 നമ്പർ സർക്കുലർ പ്രകാരം നികുതിയിനങ്ങളുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് മൂന്നു മാസത്തിലൊരിക്കൽ ഭരണസമിതി യോഗങ്ങളിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ നികുതി/നികുതിയേതര വരുമാനം സംബന്ധിക്കുന്ന വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ജനറൽ കമ്മിറ്റി എന്നിവ അവലോകനം ചെയ്യുന്നതായാണ് അറിയിച്ചത്.

ഓരോ കെട്ടിടവിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, മേഖല വിഭജനം എന്നിവ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

വസ്തു നികുതിയിന്മേൽ സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. ഈടാക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടുമില്ല.

2022-23 ൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗ്/ക്രമവത്കരണം എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാത്തവയില്ല എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്.

മേഖലകളെ സംബന്ധിച്ച വിവരങ്ങൾ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

സഞ്ചയയിലെ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതിൽ ഓരോ വാർഡിലും 15$M^2$ ൽ താഴെയായി നിരവധി

കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനാണെന്ന് കാണിച്ച് നമ്പർ നല്കിയിട്ടുള്ളതായി കാണുന്നു. ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങൾ പുനർനിർമ്മിച്ചിട്ടുള്ളപക്ഷം വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് നല്കുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവനഉപനികുതി ചുമത്താവുന്നതാണ്. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനമെടുക്കുന്നത് വരുമാനവർദ്ധനവിന് സഹായകമാകുന്നതാണ്.

തൊഴിൽ നികുതി

തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരിൽ സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, റേഷൻകട വ്യാപാരികൾ തുടങ്ങി എല്ലാ വിഭാഗം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നുണ്ടെന്നാണ് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയതെങ്കിലും ആയത് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൊഴിൽനികുതി പൂർണ്ണമായും ലഭ്യമായിട്ടില്ല. മുകളിലെ പട്ടിക പ്രകാരം ബജറ്റിൽ ലക്ഷ്യമിട്ടതിന്റെ 53% മാത്രമാണ് തൊഴിൽനികുതി പിരിച്ചെടുത്തിട്ടുള്ളത്. തൊഴിൽനികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

വ്യവസായങ്ങൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ്

നിരവധി വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. ഗ്രാമപഞ്ചായത്ത് വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 241 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. എന്നാൽ 315 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നിരുന്നാൽത്തന്നെ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയായുള്ള നാഷണൽ ഹൈവേയുടേയും നങ്ങ്യാർകുളങ്ങര- മാവേലിക്കര റോഡിനും അഭിമുഖമായി നിരവിധി സ്ഥാപനങ്ങളുണ്ടെങ്കിലും എല്ലാംതന്നെ ലൈസൻസ് എടുത്തിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഉദാഹരണമായി നാഷണൽ ഹൈവേയ്ക്കഭിമുഖമായ വാർഡ് 2, 14 എന്നിവിടങ്ങളിൽ യഥാക്രമം 8, 3 എന്നിങ്ങനെ സ്ഥാപനങ്ങൾ മാത്രമാണ് വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇപ്രകാരം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കാത്തതുമൂലം ലൈസൻസ് ഫീയിനത്തിലും തൊഴിൽ നികുതിയിനത്തിലും വൻതുക നഷ്ടമാകുന്നുണ്ട്. ലൈസൻസ് രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. അപേക്ഷകൾ ഓൺലൈനായും അല്ലാതെയും ലഭ്യമാകുന്നതായും ആയത് ക്രമപ്രകാരം അടുക്കി സൂക്ഷിച്ചിട്ടില്ല എന്നുമാണ് നേരിൽ അറിയിച്ചത്. അപേക്ഷകൾ ലഭ്യമാകാത്തതിനാൽ മൂലധന നിക്ഷേപം, ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി, ജീവനക്കാരുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമായില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, സ്ക്രാപ്പ് ഡീലർമാർ, ജിംനേഷ്യം, ടർഫുകൾ, സ്റ്റുഡിയോകൾ, ഇറച്ചിക്കോഴി/ഇറച്ചിക്കടകൾ, മെഡിക്കൽ സ്റ്റോറുകൾ, കാറ്ററിംഗ് സ്ഥാപനങ്ങൾ, നീതി മെഡിക്കൽ സ്റ്റോർ, ചെടികളുടെ നഴ്സറികൾ, ആയുർവേദ മരുന്നുകടകൾ, ഡ്രൈവിംഗ് സ്കൂളുകൾ, പുകപരിശോധന കേന്ദ്രങ്ങൾ, ബ്യൂട്ടി പാർലർ, പ്രിന്റിംഗ് പ്രസ് തുടങ്ങി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. ഇതുവഴി നികുതി, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കാവുന്നതാണ്. ഇവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-11 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ലേലത്തുക അടവാക്കി

ലേല രജിസ്റ്റർ പ്രകാരം 2022-23 വർഷം വിവിധ ലേലങ്ങൾ നടത്തിയതിൽ തുക പൂർണ്ണമായും അടവാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.6/25.11.23) താഴെപ്പറയുന്നവയിൽ നിരതദ്രവ്യം കിഴിച്ച് അടവാക്കാൻ ബാക്കിയുള്ള തുകയായ 2250/- (1650+600) രൂപ അടവാക്കി(രസീത് നം.1230102701/30.11.23 & 1230102700/30.11.23).

| ക്രമ നം. | ഇനം | ലേലത്തുക | അടവാക്കിയ നിരതദ്രവ്യം | കുടിശ്ശിക |
|---|---|---|---|---|
| 1 | മുട്ടംകുളം | 2150 | 500 | 1650 |
| 2 | വേളങ്ങാട്ട് ലക്ഷംവീട് കോളനി - വൃക്ഷങ്ങളുടെ മേലാദായം | 750 | 150 | 600 |

1-12 ഓഡിറ്റ് ഇംപാക്ട്-എൻ.ആർ.ഇ.ജി.എസ്-ആദായനികുതി ഈടാക്കി

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത എം.സി.എഫ് നിർമ്മാണ പ്രവൃത്തികളിൽ മെറ്റീരിയൽസ് സപ്ളൈ ചെയ്ത പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര എന്ന സ്ഥാപനത്തിന്, ഓരോ പ്രവൃത്തിയ്ക്കുവേണ്ടിയും മെറ്റീരിയൽസ് സപ്ളൈ ചെയ്തതിനായി 30,000ൽ അധികം രൂപ വീതം വിവിധ ബില്ലുകൾ പ്രകാരം നല്കിയിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് ഈ സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ സപ്ളൈ ചെയ്തതിനു നല്കിയ തുക(രൂ.) | ഈടാക്കേണ്ട/ കുറവു ചെയ്യേണ്ട ആദായ നികുതി(രൂ.) | എഫ്.ടി.ഒ വിവരം ബിൽ നം. തീയതി |
|---|---|---|---|---|---|
| 1 | മിനി എം.സി.എഫ്, വാർഡ്-2 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48440 | 969 | 276926/ 24.12.22 |
| 2 | മിനി എം.സി.എഫ്, വാർഡ്-3 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48439 | 968 | 276927/ 18.11.22 |
| 3 | മിനി എം.സി.എഫ്, വാർഡ്-4 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48440 | 969 | 276928/ 24.12.22 |

| | | | | | |
|---|---|---|---|---|---|
| 4 | മിനി എം.സി.എഫ്, വാർഡ്-5 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48440 | 969 | 276929/ 24.11.22 |
| 5 | മിനി എം.സി.എഫ്, വാർഡ്-7 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48440 | 969 | 276931/ 24.12.22 |
| 6 | മിനി എം.സി.എഫ്, വാർഡ്-8 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48435 | 968 | 276932/ 18.11.22 |
| 7 | മിനി എം.സി.എഫ്, വാർഡ്-9 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48439 | 968 | 276933/ 18.11.22 |
| 8 | മിനി എം.സി.എഫ്, വാർഡ്-10 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48440 | 969 | 276935/ 24.12.22 |
| 9 | മിനി എം.സി.എഫ്, വാർഡ്-11 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48440 | 969 | 276936/ 24.12.22 |
| 10 | മിനി എം.സി.എഫ്, വാർഡ്-12 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48439 | 969 | 273937/ 18.11.22 |
| 11 | മിനി എം.സി.എഫ്, വാർഡ്-13 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48440 | 969 | 276938/ 24.12.22 |
| 12 | മിനി എം.സി.എഫ്, വാർഡ്-14 | പ്രിസിഷൻ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, ചുനക്കര | 48440 | 969 | 276939/ 18.11.22 |
| | | | 581272 | 11625 | |

മേൽ ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(24/29.11.23) മറുപടിയായി ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട 11625 രൂ. 30.11.23 ലെ 1230102696/G041203 രസീതുപ്രകാരം അടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ടി തുക ആദായനികുതി വകുപ്പിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 വിവിധ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | ഏത് അർദ്ധവർഷം |
|---|---|---|
| 1 | KSFE | I |
| 2 | Federal Bank, Muttom | II |
| 3 | Federal Bank, Cheppad | II |
| 4 | Maveli Store | II |
| 5 | Valiyakuzhi Co-op.Bank | I, II |
| 6 | Cheppad Service Co-op Bank | I, II |
| 7 | BSNL | I, II |

2) കൂടാതെ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന വിവിധ കമ്പനികൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമായതായി കാണുന്നില്ല.

ഉദാ:- പാരാമെഡിക്കൽ കോളേജ്, റേഷൻകടകൾ, പെട്രോൾ പമ്പ്, അക്ഷയ കേന്ദ്രങ്ങൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ തുടങ്ങിയവരൊന്നുംതന്നെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/25.11.23) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് അറിയിപ്പ് നല്കിയിട്ടുള്ളതായും മറ്റ് സ്ഥാപനങ്ങളിൽ നിന്നും വരുംവർഷങ്ങളിൽ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.
ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി അടവാക്കേണ്ടവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഉള്ളതായാണ് അറിയിച്ചതെങ്കിലും മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

## 1-14 വസ്തു നികുതി -അപാകതകൾ

2022-23 വർഷം നികുതി നിർണ്ണയിച്ച താഴെപ്പറയുന്ന 100 ചതുരശ്രമീറ്ററിൽ അധികരിച്ച കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച 60/-രൂപ നിരക്കിനുപകരം കെട്ടിടങ്ങൾ ഓരോ മുറികളായി വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 100 ചതുരശ്ര മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 40/-രൂപ നിരക്ക് മാത്രമാണ് ചുമത്തിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമ | കെട്ടിട നം. | വിസ്തൃതി ($M^2$) | ഈടാക്കേണ്ട നിരക്ക് | ഈടാക്കിയ നിരക്ക് | കുറവായി ഈടാക്കിയ തുക |
|---|---|---|---|---|---|---|
| 1 | റംലാബീവി, ദാറുൽ അമാൽ | 2/411A<br>2/411B<br>2/411C<br>2/411D | 30(GF)<br>30(GF)<br>28.4(FF)<br>28.4(FF)<br>116.8 | 60/- | 40/- | 20X116.8=2336+ 467.2(20%) =2803+140(5% ലൈബ്രറി സെസ്) ആകെ കുറവ് =2943/- |
| 2 | ഷാജി അലക്സ് കൊച്ചുകോയിക്കൽ, | 2/73A<br>2/73B | 29.83(GF)<br>29.83(GF) | 60 | 40 | 59.66x20<br>1193.20+238.64 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | (20%വഴി)+71.60 (5% ലൈ.സെസ്) ആകെ കുറവ്-1504/- |
| | വലിയകുഴി | 2/73C<br>2/73D<br>2/73E<br>2/73F<br>2/73F | 29.86(GF)<br>27.32(GF)<br>29.28(GF)<br>42.81(GF)<br>16.69(FF)<br>145.96 | 60 | 60 | |
| | | | ആകെ കുറവ് | | | 4447/- |

നികുതി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/28.11.23) ക്രമ നം.1 ലെ വ്യക്തിയുടെ കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചു. ക്രമ നം.2 ലെ വ്യക്തിയുടെ 2/73 A, B എന്നീ കെട്ടിടങ്ങൾ 2021-22 വർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതാണെന്നും അപ്പോൾ ആകെ 59.66 $M^2$ വിസ്തൃതി മാത്രമാണുണ്ടായിരുന്നതെന്നും ആയതിനാൽ 40/- രൂപ നിരക്കാണ് ചുമത്തിയതെന്നും 2022-23 ൽ വസ്തുനികുതി നിർണ്ണയിച്ച 2/73 C മുതൽ F വരെയുള്ള കെട്ടിടങ്ങൾക്ക് 60/- രൂപ നിരക്കിൽ നിർണ്ണയിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

സഞ്ചയ പ്രകാരം 59.66 $M^2$ വിസ്തൃതി വരുന്ന 2/73 A,B എന്നീ കെട്ടിടങ്ങൾക്ക് 29.9.21 ൽ പെർമിറ്റിന് അപേക്ഷിക്കുകയും പൂർത്തീകരണ സാക്ഷ്യപത്രം നല്കിയതിനെത്തുടർന്ന് 21.01.2022 ൽ വസ്തുനികുതി അടവാക്കുകയും 22.01.2022 ൽ സെക്രട്ടറി അംഗീകരിക്കുകയും കെട്ടിടനമ്പർ നല്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കേവലം രണ്ടാഴ്ചയ്ക്കുശേഷം 4.2.2022ൽ 2/73 C മുതൽ F വരെയുള്ള 145.96$M^2$ വരുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റിന് അപേക്ഷിക്കുകയും കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിനെത്തുടർന്ന് 31.5.22 ൽ കെട്ടിട നമ്പർ അനുവദിക്കുകയുമാണുണ്ടായത്. അതായത് രണ്ടു നിർമ്മിതികളും തമ്മിൽ കേവലം 4 മാസത്തെ ഇടവേള മാത്രമാണുണ്ടായത്. എന്നാൽ രണ്ട് സാമ്പത്തിക വർഷമായി രണ്ടായി നികുതി നിർണ്ണയിച്ചപ്പോൾ രണ്ട് നിരക്കാണ് ബാധകമാക്കിയത്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പ് 16-ാം ഉപവകുപ്പ് പ്രകാരം തറവിസ്തീർണ്ണത്തിൽ എന്തെങ്കിലും മാറ്റമുണ്ടാകുന്നപക്ഷം ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ആയതിനാൽ 59.66 $M^2$ വിസ്തൃതിവരുന്ന 2/73 A, B എന്നീ കെട്ടിടങ്ങൾക്ക് കുറവായാണ് നികുതി ഈടാക്കിയത്.

20(60-40) X 59.66$M^2$=1193.20+238.64 (20%-വഴി)=1432+71.60 (5% ലൈബ്രറി സെസ്)=1504/-

ക്രമ നം.1 പ്രകാരം കുറവായി ഈടാക്കിയ തുക = 2943/-

ക്രമ നം.2 പ്രകാരം ഈടാക്കേണ്ട തുക = 1504/-

ആകെ കുറവ് = 4447/-

വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 സർക്കാർ നിർദ്ദേശാനുസരണം മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിക്കുന്നില്ല

26.2.2022ലെ നം.ആർ.ഡി.3/94/2020/തസ്വഭവ. സർക്കുലർ പ്രകാരം മൊബൈൽ ടവറിന്റെ പ്രവർത്തനത്തിന് ജനറേറ്റർ റൂം മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ ആയവയുടെ വിസ്തൃതിയും ടവറുകളുടെ വിസ്തൃതിയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ചേപ്പാട് ഗ്രാമപഞ്ചായത്തിലെ സഞ്ചയ ഡാറ്റാബേസ് പ്രകാരമുള്ള 9 മൊബൈൽ ടവറുകളുടെ വിസ്തൃതി

ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവർ ഉടമ | കെട്ടിട നം. | വിസ്തൃതി($M^2$) |
|---|---|---|---|
| 1 | Indus | 1/540/A | 16.56 |
| 2 | Vodafone | 4/464B | 12 |
| 3 | Reliance | 5/176 | 20 |
| 4 | Tata Tele Service | 5/233 | 12 |
| 5 | Indus | 6/335A | 12 |
| 6 | BSNL | 11/41B | 12 |
| 7 | Vodafone | 11/372A | 12 |
| 8 | Reliance | 13/375A | 12 |
| 9 | Summit Digital Infrastructure | 14/394A | 12.62 |

ടവറുകളുടെ അടിസ്ഥാന വിസ്തൃതി മാത്രമാണ് കണക്കാക്കിയിരിക്കുന്നതെന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. മേൽ സർക്കുലർ അനുസരിച്ച് മൊബൈൽ ടവറുകളുടെ ജനറേറ്റർ റൂം, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിസ്തൃതി ഉൾപ്പെടുത്തി പുനർനിർണ്ണയിച്ച് അടുത്ത ദിവസം തന്നെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/28.11.23) ലഭ്യമാക്കിയ മറുപടിയിൽ ജനറേറ്റർ റൂം, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിസ്തൃതി ഉൾപ്പെടുത്തി AE, LID & EW യുടെ സഹായത്തോടെ കെട്ടിടനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 ക്രമവൽക്കരണത്തിനുള്ള അപേക്ഷകരിൽ നിന്നും കുറവായി ഫീസ് ഈടാക്കി

1) പെർമിറ്റ് ഫീസിനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ താമസാവശ്യത്തിനുള്ള 150 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങളിൽ നിന്നും 3.5 രൂപ നിരക്കും അതിനുമുകളിലുള്ളവയ്ക്ക് 7/- രൂപ നിരക്കും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 10/-രൂപ നിരക്കുമാണ് ബാധകം. ക്രമവൽക്കരണത്തിനുള്ള ഫീസായി പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കേണ്ടതാണ്. ILGMS പ്രകാരം ക്രമവൽക്കരണത്തിനായി ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ നിന്നും ക്രമവൽക്കരണ ഫീസ് ഇനത്തിൽ കുറവായി തുക ഈടാക്കിയതായി കാണുന്നു.

| | ഫയൽ നം. | ഉടമ | കെട്ടിട നം./ വിസ്തൃതി (ച.മീ) | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | 400457/BRRL01 /GPO/2022/88 | അശോക് കുമാർ, ഇടശ്ശേരിൽ തെക്കതിൽ, ചേപ്പാട് | 8/183B 181.01$M^2$ | 1142/- | 181.01x7= 1267x2= 2534/- | 1392/- |
| 2 | 400457/BRRL01 /GPO/2022/98 | ലൈല തോമസ്, ടോംസ് വില്ല, ഏവൂർ നോർത്ത് | 8/434F 132.83$M^2$ | 465 | 465X2 =930/- | 465/- |
| | | | ആകെ കുറവ് | | | 1857/- |

2) കൂടാതെ പെർമിറ്റ് അപേക്ഷാ ഫീയിനത്തിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത

നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018. (SRO No.96/2018;15.02.2018) പ്രകാരം കാറ്റഗറി I & II എന്നിവയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ 100m$^2$ ൽ അധികരിക്കുന്ന കെട്ടിടങ്ങൾക്ക് 2500/-രൂപ അപേക്ഷാ ഫീ ഈടാക്കേണ്ടതുമാണ്. ഇപ്രകാരം അപേക്ഷാഫീ (2500X2=5000/-) ഈടാക്കിയിട്ടുള്ളതായും കാണുന്നില്ല.

3. താഴെപ്പറയുന്ന ഫയൽ നമ്പരുകൾ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായി ലഭിച്ചിട്ടുള്ളതാണെന്ന് കാണുന്നു. ആയത് തീർപ്പാക്കിയതിന്റെ വിവരം, നല്കിയ കെട്ടിട നം., വിസ്തീർണ്ണം(M$^2$), രസീത് നം./തീയതി, ഈടാക്കിയ ക്രമവൽക്കരണ ഫീസ് എന്നിവ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/29.11.23) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | ഫയൽ നം./തീയതി |
|---|---|
| 1 | 400457/BPMCO1/GPO/22/123/31.5.22 |
| 2 | 438/3.6.22 |
| 3 | 728/7.6.22 |
| 4 | 1070/28.6.22 |
| 5 | 1097/23.6.22 |
| 6 | 1021/22.7.22 |
| 7 | 1170/29.6.22 |
| 8 | 1379/12.8.22 |
| 9 | 1406/18.7.22 |
| 10 | 1641/4.8.22 |
| 11 | 1670/6.8.22 |
| 12 | 1737/29.8.22 |
| 13 | 2014/2.9.22 |
| 14 | 2029/3.9.22 |
| 15 | 1186/25.10.22 |
| 16 | 1551/13.10.22 |
| 17 | 1681/17.10.22 |
| 18 | 2138/19.11.22 |
| 19 | 2215/15.10.22 |
| 20 | 2334/17.12.22 |
| 21 | 2528/3.10.22 |
| 22 | 2609/10.10.22 |
| 23 | 3185/20.10.22 |
| 24 | 3234/3.11.22 |
| 25 | C2-1608/22/3.12.22 |

| | |
|---|---|
| 26 | 4286/10.11.22 |
| 27 | 4405/22.11.22 |
| 28 | 4674/26.12.22 |
| 29 | 4964/25.11.22 |
| 30 | 5470/12.12.22 |
| 31 | 5564/13.12.22 |
| 32 | 5714/19.12.22 |
| 33 | 5811/21.12.22 |
| 34 | 2153/20.2.23 |
| 35 | C2-1003/22 |
| 36 | 5758/10.1.23 |
| 37 | 6096/16.1.23 |
| 38 | 6098/31.1.23 |
| 39 | 133/9.1.23 |
| 40 | 343/2.3.23 |
| 41 | 411/20.1.23 |
| 42 | 449/23.2.23 |
| 43 | 642/1.2.23 |
| 44 | 830/10.2.23 |
| 45 | 897/15.2.23 |
| 46 | 980/20.2.23 |
| 47 | 1348/28.2.23 |
| 48 | 1599/9.3.22 |
| 49 | 1641/10.3.23 |
| 50 | 1648/10.3.23 |
| 51 | 1839/18.3.23 |
| 52 | 2059/27.3.23 |
| 53 | 2203/30.3.23 |
| 54 | 400457/BPRL02/GPO/22/5363/6.12.22 |
| 55 | 800/9.2.23 |
| 56 | 806/9.2.23 |

മേൽ സൂചിപ്പിച്ച ക്രമ നം. 1 പ്രകാരമുള്ള 1857/- രൂപയും ക്രമ നം.2 ൽ സൂചിപ്പിച്ച 5000/-രൂപയും ഉൾപ്പെടെ ആകെ 6857/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ക്രമ നം.3 ൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-17 U/A നമ്പർ നല്കിയിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതി -വൻ കുടിശ്ശിക

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ റിസോർട്ടുകളായി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ U/A നമ്പർ നല്കിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ഡി & ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനം ലൈസൻസ് എടുക്കാത്തത് സംബന്ധിച്ചും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/28.11.23) താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കി.

| ക്രമ നം. | കെട്ടിട നം. | ഉടമ | വസ്തുനികുതി ചുമത്തിയ വർഷം (വിസ്തൃതി) | നികുതി നിരക്ക് | ഈടാക്കി വരുന്ന നികുതി | സഞ്ചയ പ്രകാരം നാളിതുവരെയുള്ള കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 1/178A | ജേക്കബ് ഉമ്മൻ | 2013/14 (181$M^2$) | 90 | 61577 | 680426 |
| 2 | 1/178B | ജേക്കബ് ഉമ്മൻ | 2013/14 (181$M^2$) | 90 | 61577 | 680426 |
| 3 | 1/178C | ജേക്കബ് ഉമ്മൻ | 2013/14 (111$M^2$) | 90 | 34616 | 382507 |
| | | | | | ആകെ കുടിശ്ശിക | 1743359/- |

കൂടാതെ, മേൽ കെട്ടിടത്തിൽ പ്രവർത്തനം ഒന്നുംതന്നെയില്ലാത്തതാണെന്നും വസ്തുനികുതി അടവാക്കുന്നില്ലെന്നും ഇതു സംബന്ധിച്ച് കേസ് ഉണ്ടെന്നുമാണ് അറിയിച്ചത്. കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച മേൽ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 പെട്രോൾ പമ്പിന്റെ കനോപ്പി ഏരിയയ്ക്ക് വസ്തുനികുതി ചുമത്തുന്നില്ല

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 2 പെട്രോൾ പമ്പുകളിൽ താഴെപ്പറയുന്ന പെട്രോൾ പമ്പിന്റെ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിനു മാത്രമാണ് വസ്തു നികുതി ചുമത്തിയിട്ടുള്ളത്. പമ്പിന്റെ കനോപ്പി ഏരിയയുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | കെട്ടിട നം. | നികുതി ചുമത്തിയ വിസ്തൃതി |
|---|---|---|
| മുഴങ്ങോടിയിൽ ഫ്യൂവൽസ് | 5/204 | 40$M^2$ |

മേൽ സ്ഥാപനത്തിന്റെ കനോപ്പി ഏരിയയുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/28.11.23) വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. കനോപ്പി ഏരിയയുടെ ഉൾപ്പെടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-19 എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 241 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. എന്നാൽ 315 സ്ഥാപനങ്ങൾ വ്യവസായങ്ങൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും

സംരംഭക പ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുണ്ട്. എന്നിരുന്നാൽത്തന്നെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഉദാഹരണമായി ഗ്രാമപഞ്ചായത്തിലെ നങ്ങ്യാർകുളങ്ങര, ചേപ്പാട്, മുട്ടം എന്നീ ജംങ്ഷനുകൾ ഉൾപ്പെട്ട പ്രധാന റോഡുകളോട് ചേർന്ന വാർഡുകളിലെ വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡ് വാർഡ് നം. | റോഡ് | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | നങ്ങ്യാർകുളങ്ങര-മാവേലിക്കര റോഡ് | 36 |
| 2 | - ടി - | 25 |
| 12 | നാഷണൽ ഹൈവേ | 8 |
| 13 | - ടി - | 13 |
| 14 | - ടി - | 3 |

നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നങ്ങ്യാർകുളങ്ങര, ചേപ്പാട്, മുട്ടം എന്നീ മൂന്ന് പ്രധാന ജംങ്ഷനുകൾ ഉൾപ്പെടുന്ന വാർഡുകളിൽ ഇപ്രകാരം വളരെക്കുറച്ച് സ്ഥാപനങ്ങൾ മാത്രം വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിൽനിന്നും നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കുന്നു.

ഇപ്രകാരം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കാത്തതുമൂലം ലൈസൻസ് ഫീയിനത്തിലും തൊഴിൽ നികുതിയിനത്തിലും വൻതുക നഷ്ടമാകുന്നുണ്ട്. ലൈസൻസ് രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. അപേക്ഷകൾ ഓൺലൈനായും അല്ലാതെയും ലഭ്യമാകുന്നതായും ആയത് ക്രമപ്രകാരം അടുക്കി സൂക്ഷിച്ചിട്ടില്ല എന്നുമാണ് നേരിൽ അറിയിച്ചത്. അപേക്ഷകൾ ലഭ്യമാകാത്തതിനാൽ മൂലധന നിക്ഷേപം, ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി, ജീവനക്കാരുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമായില്ല.

എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.21/29.11.23) ലഭ്യമാക്കിയ മറുപടിയിൽ മാസത്തിൽ രണ്ടുതവണ ഗ്രാമപഞ്ചായത്തിൽ നിന്നും ശുചിത്വപരിപാലനവുമായി ബന്ധപ്പെട്ട് വിജിലൻസ് ടീം സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ലൈസൻസ് എടുക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതായും തുടർകാലങ്ങളിൽ കർശനമായും നിർദ്ദേശം നല്കി ലൈസൻസ് എടുപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, സ്ക്രാപ്പ് ഡീലർമാർ, ജിംനേഷ്യം, ടർഫുകൾ, സ്റ്റുഡിയോകൾ, ഇറച്ചിക്കോഴി/ ഇറച്ചിക്കടകൾ, മെഡിക്കൽ സ്റ്റോറുകൾ, കാറ്ററിംഗ് സ്ഥാപനങ്ങൾ, നീതി മെഡിക്കൽ സ്റ്റോർ, ചെടികളുടെ നഴ്സറികൾ, ആയുർവേദ മരുന്നുകടകൾ,

ഡ്രൈവിംഗ് സ്കൂളുകൾ, പുകപരിശോധന കേന്ദ്രങ്ങൾ, ബ്യൂട്ടി പാർലർ, പ്രിന്റിംഗ് പ്രസ് തുടങ്ങി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിന് /ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. ഇതുവഴി നികുതി, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കാവുന്നതാണ്. ഇവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് വാർഡ്തല ചുമതലയുള്ള ഉദ്യോഗസ്ഥരും മേലധികാരികളും ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 ലേലം പൂർണ്ണമായും നടത്തിയിട്ടില്ല

താഴെപ്പറയുന്ന വസ്തുവകകൾ ലേലത്തിൽ വച്ചിട്ടുണ്ടെങ്കിലും ആർക്കും ലേലം ഉറപ്പിച്ച് നല്കിയിട്ടില്ല. എന്നാൽ ലഭിച്ച ഓഫർ ക്വട്ടേഷനുകൾ ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിന് പഞ്ചായത്ത് കമ്മിറ്റിയിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഇനം | ക്വട്ടേഷൻ തുക |
|---|---|---|
| 1 | മുറിയാംമൂട് കുളം | 2500 |
| 2 | കുഴിക്കൊമ്പനാൽ കുളം | 1450 |
| 3 | പഞ്ചായത്ത് പരിസരത്ത് മുറിച്ചിട്ട മാവ് | 1000 |
| 4 | പഞ്ചായത്ത് പരിസരത്ത് നിൽക്കുന്ന വലിയ മാവ് | 10000 |
| 5 | പഞ്ചായത്ത് പരിസരത്ത് നിൽക്കുന്ന കശുമാവ് | 800 |
| 6 | പഞ്ചായത്ത് പരിസരത്ത് വെട്ടിയിട്ട മൂർക്കറ്റം | 500 |
| 7 | പഞ്ചായത്ത് പരിസരത്ത് നിൽക്കുന്ന ആഞ്ഞിലി | 1000 |
| 8 | മുട്ടംകുളത്തിന്റെ പടിഞ്ഞാറ് നിൽക്കുന്ന മാവിന്റെ മേലാദായം | 2000 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/25.11.23) ക്രമ നം.4, - 25000/-രൂപയ്ക്കും ക്രമ നം. 3, – 6350/-രൂപയ്ക്കും ലേലത്തിൽ പോയതായി അറിയിച്ചു.

എന്നാൽ യഥാസമയം ലേലത്തിൽ പോകാഞ്ഞതിനാൽ മേൽപ്പറഞ്ഞവയിൽ ക്രമ നം.1, 2, 8 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള തുക 5950/-രൂപ നഷ്ടമായി. ക്രമ നം. 6 – ൽ സൂചിപ്പിക്കുന്ന വെട്ടിയിട്ടിരിക്കുന്ന തടികൾ കിടന്ന് ദ്രവിച്ചുപോകുന്നതിന് ഇടയുണ്ട്.

തുടർവർഷങ്ങളിലെങ്കിലും യഥാസമയം ലേലം/ക്വട്ടേഷൻ നടത്തുന്നതിനും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയത്തിലെ ലൈബ്രറി പ്രവർത്തിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയിൽ നാളിതുവരെ 217 പേർ അംഗത്വം എടുത്തിട്ടുണ്ട്. രസീത് ബുക്ക് (രസീത് ബുക്ക് നം.VI) പരിശോധിച്ചതിൽ, 2016-17 വർഷത്തിന് (02.11.2016) ശേഷം വരവില്ല. രജിസ്റ്ററുകൾ പ്രകാരം ആരും പുസ്തകം എടുക്കുകയോ മെമ്പർഷിപ്പ് പുതുക്കുകയോ പുതിയ മെമ്പർഷിപ്പ് എടുക്കുകയോ ചെയ്തിട്ടില്ല. ലൈബ്രറിയിലെ ആകെ പുസ്തകങ്ങളുടെ എണ്ണം 1455 ആണ്. 2007-08 കാലയളവിൽ 200 പുസ്തകങ്ങൾ ലഭിച്ചതൊഴിച്ചാൽ നാളിതുവരെ പുതിയ പുസ്തകങ്ങൾ ലഭിച്ചിട്ടില്ല. ഈ ഗ്രന്ഥശാലയുടെ പ്രവർത്തനത്തിനായി ഒരു ഫുൾ – ടൈം ലൈബ്രേറിയൻ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും വായനയെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പുസ്തകങ്ങൾ ലഭ്യമല്ല. സാംസ്കാരിക നിലയങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറ്റാതെ പ്രദേശവാസികളുടെ സാംസ്കാരിക ഉന്നമനത്തിനായുള്ള ഇടപെടലുകൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-22 പൊതു ടാപ്പുകൾ വിച്ഛേദിക്കൽ - വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ

ലഭ്യമായില്ല.

നിർവഹണം:- സെക്രട്ടറി

പ്രോജക്ട് നം.എസ്'006/23

പ്രോജക്ടിന്റെ പേര്: കുടിവെള്ളക്കരം അടയ്ക്കൽ

അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 665900/-രൂപ

തനത് ഫണ്ട് -100/രൂപ

ആകെ- 666000/-രൂപ

ചെലവ്- 665900/-രൂപ

(1. PFMS/DSC/R122208426188 തീ.30.12.2022- 318375/-രൂപ

2.PFMS/DSC/R122208729360 തീ.31.12.2022- 300000/-രൂപ

3.PFMS/DSC/R012303062327 തീ.13.01.2023- 37139/-രൂപ

4.3.PFMS/DSC/R032306597312 തീ.20.03.2023- 10386/-രൂപ)

ചേപ്പാട് ഗ്രാമ പഞ്ചായത്തിലെ ഉപയോഗ ശൂന്യമായ 195 പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്ത് വെള്ളക്കരം കുറവ് ചെയ്യുന്നതിനും തൻവർഷത്തെ കുടിവെള്ളക്കരം അടയ്ക്കുന്നതിനുമായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിനായി മേൽ ക്രമ നം.2 പ്രകാരം 300000/-രൂപ 31.12.2022-ൽ വാട്ടർ അതോറിറ്റിയുടെ അക്കൌണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീ. 28.11.2023) മറുപടിയായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം (നം.KWA/PHA/D3/10911/2022 തീ.14.08.2023) ആകെ 160655/-രൂപ മാത്രമാണ് ഈ പ്രവൃത്തിക്കായി വിനിയോഗിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. അവശേഷിക്കുന്ന 139345/-രൂപ തിരികെ ലഭിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നും വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയിട്ടുണ്ടെങ്കിലും നം.400457/DPD112/GPO/2023/4832(1) തീ.21.09.2023] പ്രസ്തുത തുക ലഭ്യമായിട്ടില്ല. അവശേഷിക്കുന്ന തുക തിരികെ ലഭ്യമാകുന്നതു വരെ 139345/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 പി.എച്ച്.സി-യെ എഫ്.എച്ച്.സി ആക്കുന്നതിനുള്ള തുക കൈമാറൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല.

നിർവഹണം:- സെക്രട്ടറി

പ്രോജക്ട് നം.എസ് 0186/2023

പ്രോജക്ടിന്റെ പേര്: പി.എച്ച്.സി-യെ എഫ്.എച്ച്.സി ആക്കുന്നതിനുള്ള തുക കൈമാറൽ

അടങ്കൽ- വികസനഫണ്ട്-ജനറൽ- 100000/-രൂപ

മെയിന്റനൻസ് ഫണ്ട്- റോഡിതരം- 1000000/-രൂപ

ആകെ- 1100000

ചെലവ്- 1100000/-രൂപ

(1.ബിൽ നം.33തീ.03.02.2023- 1000000/-രൂപ

2.ബിൽ നം.34തീ.03.02.2023 - 100000/-രൂപ)

ചേപ്പാട് ഗ്രാമ പഞ്ചായത്തിലെ പി.എച്ച്.സി.യെ എഫ്.എച്ച്.സി ആക്കുന്നതിനായി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം 33.5 ലക്ഷം രൂപ ചെലവ് വരുമെന്നും നാഷണൽ ഹെൽത്ത് മിഷൻ ഈ ആവശ്യത്തിലേയ്ക്കായി

22.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന തുക (11 ലക്ഷം രൂപ) ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച് നല്കണമെന്നും കാണിച്ച് 24.12.2022-ലെ NHM/C(E)/936/CHEPPAD/DPMSU-ALPY നമ്പർ പ്രകാരം നാഷണൽ ഹെൽത്ത് മിഷൻ, ആലപ്പുഴ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ കത്ത് നല്കിയിരിക്കുന്നു. ആയത് പ്രകാരം ആകെ 1100000/- രൂപ നാഷണൽ ഹെൽത്ത് മിഷന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

എന്നാൽ മേൽ പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീ. 28.11.2023) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്നും പൂർത്തീകരിയ്ക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി നല്കി. പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (1100000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല

നിർവഹണം:- സെക്രട്ടറി

പ്രോജക്റ്റ് നം.എസ്0118/23

പ്രോജക്ടിന്റെ പേര്: ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

അടങ്കൽ- തനത് ഫണ്ട്- 150000/-രൂപ

ചെലവ്- 150000/-രൂപ

(1.ചെക്ക് നം.8457446 തീയതി.5.11.2022- 12698
2.ചെക്ക് നം.036700 തീയതി.24.01.2023- 55611
3.ചെക്ക് നം.024265 തീയതി.29.03.2022- 24711
4.ചെക്ക് നം.024628 തീയതി.31.03.2023- 56980)

ചേപ്പാട് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി-യുടെ താഴെപ്പറയുന്ന ഓഫീസുകളിലേയ്ക്ക് മേൽ പ്രകാരം 150000/- രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

| ക്രമ നം. | തുക കൈപ്പറ്റിയ കെ.എസ്.ഇ.ബി ഓഫീസിന്റെ പേര് | തുക |
|---|---|---|
| 1 | ഇലക്ട്രിക്കൽ സെക്ഷൻ, പള്ളിപ്പാട് | 25026 |
| | | 24711 |
| | | 56980 |
| 2 | ഇലക്ട്രിക്കൽ സെക്ഷൻ, ചേപ്പാട് | 12698 |
| | | 30585 |
| | ആകെ | 150000 |

എന്നാൽ മേൽ പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീയതി.28.11.2023) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി നല്കി. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 150000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-25 കുടിവെള്ളക്കരം കുടിശ്ശിക- ഫൈൻ പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കി

കേരള വാട്ടർ അതോറിറ്റിയുടെ 12.04.2022-ലെ 62401 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2022-ൽ ചേപ്പാട് ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 416787/- രൂപ കുടിശ്ശിക ഉണ്ടായിരുന്നു. 2022-23 സാമ്പത്തിക വർഷം ആദ്യ പതിനൊന്ന് മാസം 195 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 94055/- രൂപ നിരക്കിലും 1 മാസം 236584/- രൂപ നിരക്കിലും ആകെ 1271189/-രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇതിൽ താഴെപ്പറയും പ്രകാരം ആകെ 789726/- രൂപ മാത്രമാണ് തൻവർഷം വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുള്ളത്.

| ക്രമ നം. | ഫണ്ടിനം | ബിൽ നം./ തീയതി | തുക |
|---|---|---|---|
| 1 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | PFMS/DSC /R122208426188 /30.12.2022 | 318375 |
| 2 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | PFMS/DSC /R012303062327 /13.01.2023 | 37139 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | PFMS/DSC /R032304576315 /16.03.2023 | 333180 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ട്രഷറി ബിൽ നം.38 തീയതി.24.02.2023 | 101032 |
| | ആകെ | | 789726 |

വാട്ടർ ചാർജ്ജും കുടിശ്ശിക തുകയും യഥാസമയം ഒടുക്കാത്തതിനാൽ 2022-23 സാമ്പത്തിക വർഷം കുടിശ്ശിക തുകയ്ക്ക് താഴെപ്പറയും പ്രകാരം 2% നിരക്കിൽ വാട്ടർ അതോറിറ്റി ഫൈൻ ഡിമാന്റ് ചെയ്തിരുന്നു. കേരള വാട്ടർ അതോറിറ്റി 22.03.2023-ൽ നടത്തിയ ആംനെസ്റ്റി അദാലത്തിൽ വെച്ച് 2% നിരക്കിലുള്ള ഫൈൻ 1% ആയി കുറവ് ചെയ്ത് നല്കിയിട്ടുണ്ട്. പ്രസ്തുത അദാലത്തിൽ വാട്ടർ അതോറിറ്റി ഇളവനുവദിച്ചതിനു ശേഷം നിശ്ചയിച്ച നല്കിയ 318867/-രൂപ 05.04.2023-ലെ 24640 നമ്പർ ചെക്ക് പ്രകാരം വാട്ടർ അതോറിറ്റിയിൽ ഒടുക്കി കുടിശ്ശിക ക്രമീകരിച്ചിട്ടുണ്ട്.

| ക്രമ നം. | ഡിമാന്റ് നോട്ടീസ് നം./തീയതി | ഡിമാന്റ് ചെയ്ത ഫൈൻ (2% നിരക്കിൽ) | അദാലത്തിൽ ഇളവ് അനുവദിച്ചതിന് ശേഷം ഫൈൻ ഇനത്തിൽ വന്ന ബാധ്യത (1 % നിരക്കിൽ) |
|---|---|---|---|
| 1 | 62401/12.04.2022 | 8209 | 4104.5 |
| 2 | 63314/12.05.2022 | 1881 | 940.5 |
| 3 | 64237/10.06.2022 | 3926 | 1963 |
| 4 | 64894/07.07.2022 | 5845 | 2922.5 |
| 5 | 65975/08.08.2022 | 7805 | 3902.5 |
| 6 | 66593/06.09.2022 | 9803 | 4901.5 |

| | | | |
|---|---|---|---|
| 7 | 67676/10.10.2022 | 11840 | 5920 |
| 8 | 68487/07.11.2022 | 13917 | 6958.5 |
| 9 | 69372/07.12.2022 | 16035 | 8017.5 |
| 10 | 70202/07.01.2023 | 11827 | 5913.5 |
| 11 | 70982/04.02.2023 | 13286 | 6643 |
| 12 | 71797/03.03.2023 | 13383 | 6691.5 |
| | ആകെ | 117757 | 58878.5 |

(*വാട്ടർ ചാർജിനത്തിൽ 31.03.2022 വരെയുള്ള പഞ്ചായത്തിന്റെ ബാധ്യത തുക 416787/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 31.03.2022-ൽ വാട്ടർ അതോറിറ്റിക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട് (PFMS/DSC/R042200114535/31.03.2022). എന്നാൽ ഈ തുക 1114223 നമ്പർ ബിൽ പ്രകാരം 11.05.2022-ൽ മാത്രമാണ് വാട്ടർ അതോറിറ്റി അക്കൌണ്ട് ചെയ്തിട്ടുള്ളത്. തന്മൂലം ഏപ്രിൽ മാസത്തെ ബില്ലിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ള 8209/-രൂപയുടെ ഫൈൻ പഞ്ചായത്തിന്റെ ബാധ്യതയല്ല. ശേഷമുള്ള മാസങ്ങളിൽ ഫൈൻ ഇനത്തിൽ പഞ്ചായത്തിന് ബാധ്യത വന്നത് യഥാസമയം വെള്ളക്കരം ഒടുക്കാതിരുന്നത് മൂലമാണ്. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവയ്ക്ക് നല്കേണ്ട തുക തനത് ഫണ്ട്/പൊതു ആവശ്യ ഫണ്ട് എന്നിവയിൽ നിന്നും നല്കേണ്ട ആദ്യം ഇനം ആക്കേണ്ടതും തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയെ അറിയിച്ച് കൊണ്ട് ഇത് യഥാസമയം അടക്കേണ്ട ബാധ്യത പഞ്ചായത്ത് സെക്രട്ടറിക്കാണെന്നും ഇതിൽ വീഴ്ച വരുത്തുന്നതു മൂലം വരുന്ന ഫൈൻ ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയാണെന്നും സ.ഉ(കൈ)നം.119/2022/LSGD തീയതി.06.06.2022-ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഫൈൻ ഇനത്തിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ള തുക പഞ്ചായത്തിന്റെ ബാധ്യതയല്ല മറിച്ച് തനത് ഫണ്ടിൽ മതിയായ ബാലൻസുണ്ടായിട്ടും യഥാസമയം വാട്ടർ ബിൽ ഒടുക്കാൻ നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി. 28.11.2023) പലിശയിനത്തിൽ ഒടുക്കിയ തുകയേക്കാൾ കൂടുതൽ തുക വാട്ടർ അതോറിറ്റി അദാലത്തിലൂടെ കുറവ് ചെയ്ത് തന്നിട്ടുണ്ടെന്നും, ആയതിനാൽ പലിശയിനത്തിൽ ഒടുക്കിയ തുക നഷ്ടമല്ലായെന്നും മറുപടി നല്കി. വാട്ടർ അതോറിറ്റി അദാലത്തിൽ കുറവ് ചെയ്ത് തന്നത് 10/2022 മുതൽ ഡിസ്കണക്ട് ചെയ്ത 45 ടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള തുകയും, 1% നിരക്കിലുള്ള പലിശയും മാത്രമാണ്. അവശേഷിക്കുന്ന 1% നിരക്കിൽ പലിശ നല്കേണ്ടി വന്നത് യഥാസമയം വാട്ടർ ചാർജ് ഒടുക്കാതിരുന്നതിനാലാണെന്നതിനാൽ ഈ മറുപടി അംഗീകരിക്കാനാവില്ല. തനത് ഫണ്ടിൽ മതിയായ നീക്കിയിരുപ്പ് ഉണ്ടായിരുന്നിട്ടും യഥാസമയം വാട്ടർ ചാർജ് ഒടുക്കാതിരുന്നതു മൂലം ഫൈൻ ഇനത്തിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത 54774/-രൂപ (58878.5-4104.5) വീഴ്ച വരുത്തിയ കാലത്തെ സെക്രട്ടറിയിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 കന്നുകുട്ടി പരിപാലനം- പ്രവൃത്തി പൂർത്തീകരിച്ചില്ല

നിർവഹണം- വെറ്ററിനറി സർജൻ

പ്രോജക്ടിന്റെ പേര്-കന്നുകുട്ടി പരിപാലനം

പ്രോജക്ട് നം.എസ്0081/23

അടങ്കൽ- വികസന ഫണ്ട്-350000/-രൂപ

ഗുണഭോക്തൃ വിഹിതം - 350000/-രൂപ

ആകെ- 700000/-രൂപ

ചെലവ്- 350000/-രൂപ

(1.ട്രഷറി ബിൽ നം.9/22-23 തീയതി. 18.03.2023)

2022-23 സാമ്പത്തിക വർഷത്തെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 28 ഗുണഭോക്താക്കൾക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും, സംസ്ഥാന വിഹിതവും ചേർത്തുള്ള തുക 350000/-രൂപ മേൽ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, ആലപ്പുഴയുടെ പേരിലുള്ള ട്രഷറി അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലായെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20 തീയതി.29.11.2023) പ്രവൃത്തി നടപ്പാക്കി കൊണ്ടിരിക്കുകയാണെന്നും നാളിതുവരെ 96579/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി നല്കി. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 253421/-രൂപയുടെ ചെലവ് (350000-96579)ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-27 സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല

നിർവഹണം:- സെക്രട്ടറി

പ്രോജക്ട് നം.എസ് 0160/2023

പ്രോജക്ടിന്റെ പേര്: സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ്

അടങ്കൽ-

വികസനഫണ്ട്-ജനറൽ- 544652/-രൂപ

തനത് ഫണ്ട്- 35348/-രൂപ

ആകെ- 580000

ചെലവ്- 544652/-രൂപ

(1.ബിൽ നം.28 തീയതി.20.12.2022- 369340/-രൂപ

2.ബിൽ നം.32 തീയതി.21.01.2023- 175312/-രൂപ)

ചേപ്പാട് ഗ്രാമ പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗിനു വേണ്ടി വിവിധ കെ.എസ്.ഇ.ബി ഓഫീസുകളിലേയ്ക്ക് താഴെപ്പറയും പ്രകാരം ആകെ 544652/- രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

| ക്രമ നം. | തുക കൈപ്പറ്റിയ കെ.എസ്.ഇ.ബി ഓഫീസിന്റെ പേര് | തുക |
|---|---|---|
| 1 | ഇലക്ട്രിക്കൽ സെക്ഷൻ, പള്ളിപ്പാട് | 369340 |
| 2 | ഇലക്ട്രിക്കൽ സെക്ഷൻ, ചേപ്പാട് | 162804 |
| 3 | ഇലക്ട്രിക്കൽ സെക്ഷൻ, തട്ടാരമ്പലം | 12508 |
| | ആകെ | 544652 |

എന്നാൽ മേൽ പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീയതി. 28.11.2023) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്നും പൂർത്തീകരിയ്ക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി നല്കി. പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (544652/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 ഐ.കെ.എം-വിഹിതം -വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം.42/2023

പ്രോജക്ടിന്റെ പേര്. ഐ.കെ.എം-വിഹിതം

അടങ്കൽ- വികസന ഫണ്ട് -58228/-രൂപ

ചെലവ്-58228/-രൂപ

(1.ബിൽ നം.7 തീയതി.07.07.2022)

മേൽ ട്രഷറി ബിൽ പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 58228/-രൂപ ഐ.കെ.എം വിഹിതമിനത്തിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീയതി. 28.11.2023) വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് മറുപടി നല്കി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (58228/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-29 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

നിർവഹണം: സെക്രട്ടറി

ചേപ്പാട് ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷന് വേണ്ടി താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം കെ.എസ്.ഇ.ബി-യുടെ വിവിധ ഓഫീസുകളിലേയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

1.പ്രോജക്ട് നം.എസ്0007/2023

പ്രോജക്ടിന്റെ പേര്: ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ-

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1021200/-രൂപ

ചെലവ്- 928189/-രൂപ

(1. PFMS/DSC/R122205479033 തീയതി 21.12.2022- 475054/-രൂപ

2. PFMS/DSC/R122205555973 തീയതി.21.12.2022- 17110/-രൂപ

3.PFMS/DSC/R122205808954 തീയതി.22.12.2022- 393990/-രൂപ

4.PFMS/DSC/R032312604967 തീയതി.30.03.2023- 42035/-രൂപ)

| ക്രമ നം. | തുക കൈപ്പറ്റിയ കെ.എസ്.ഇ.ബി ഓഫീസിന്റെ പേര് | തുക |
|---|---|---|
| 1 | ഇലക്ട്രിക്കൽ സെക്ഷൻ, പള്ളിപ്പാട് | 393990 |
| 2 | ഇലക്ട്രിക്കൽ സെക്ഷൻ, ചേപ്പാട് | 475054 |
| 3 | ഇലക്ട്രിക്കൽ സെക്ഷൻ, ചേപ്പാട് | 42035 |
| 4 | ഇലക്ട്രിക്കൽ സെക്ഷൻ, തട്ടാരമ്പലം | 17110 |
| | ആകെ | 928189 |

2.പ്രോജക്ട് നം.എസ്0200/2023

പ്രോജക്ടിന്റെ പേര്: സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 297000/-രൂപ

ചെലവ്- 297000/-രൂപ

(1. PFMS/DSC/R032311941352 തീയതി.29.03.2023)

ചേപ്പാട് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷന് വേണ്ടി കെ.എസ്.ഇ.ബി പള്ളിപ്പാട് സെക്ഷൻ ഓഫീസിലേയ്ക്ക് മേൽ പ്രകാരം 297000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

എന്നാൽ മേൽ രണ്ട് പദ്ധതികൾ പ്രകാരം നല്കിയ തുകയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീയതി. 28.11.2023) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്നും പൂർത്തീകരിയ്ക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി നല്കി. പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക 1225189/- രൂപയുടെ (928189+297000) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന പദ്ധതി പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കാൾ പണി ആരംഭിച്ചിട്ടില്ല

പ്രോജക്റ്റ് നം -S0041/22

പ്രോജക്റ്റിന്റെ പേര് -ലൈഫ് ഭവന പദ്ധതി (എസ് സി)

| വകയിരുത്തൽ | ചെലവ് |
|---|---|
| വികസനഫണ്ട്(എസ് സി പി)-20,69,500/-<br>സംസ്ഥാനാവിഷ്കൃതഫണ്ട്- 26,00,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-7,00,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം -10,00,000/-<br>മറ്റുള്ളവ - 40,30,500/-<br>ആകെ അടങ്കൽ - 1,04,00,000/- | വികസനഫണ്ട്(എസ് സി പി)-20,60,800/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്- 10,89,700/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-6,80,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 0<br>മറ്റുള്ളവ - 1,60,000<br>ആകെ ചെലവ് - 39,90,500/- |

2022-23 വർഷം വി.ഇ.ഒ. നിർവഹണം നടത്തിയ ലൈഫ് മിഷൻ ഭവന നിർമ്മാണ പ്രോജക്റ്റ് പ്രകാരം ആദ്യഗഡു തുകയായ 40,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികൾ നാളിതുവരെ ഫൌണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ ആകെ തുക |
|---|---|---|
| 1 | ശാന്ത,<br>പരത്തിപ്പള്ളിൽ<br>തെക്കതിൽ<br>വാർഡ് -4 | 40,000/- |
| 2 | എം രാമകൃഷ്ണൻ,<br>കമ്മാറത്തറയിൽ<br>വാർഡ് -2 | 40,000/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/29.11.2023) ന് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിററിൽ

അറിയിക്കേണ്ടതുമാണ്.

1-31 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ (S0116/23)

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ: 182700/-(വികസനഫണ്ട് ജനറൽ)

ചെലവ്: 180600/-

ബിൽ നം.14 /28.03.23

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എംഎസ്)നം. 115/2022/തസ്വഭവ, തീയതി.28.5.2022) പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും 60 വയസ്സിൽ താഴെയുള്ള ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350 രൂപയിൽ അധികരിക്കാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ മുൻവർഷങ്ങളിലെ പോലെ നിശ്ചിത വരുമാനപരിധിയിൽ താഴെയുള്ള 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് സിഡ്കോയിൽ നിന്നും 4350/-രൂപ നിരക്കിൽ 42 കട്ടിലുകൾ വാങ്ങി വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/29.11.2023) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ആനുകൂല്യം നല്കുമ്പോൾ സബ്സിഡി മാർഗരേഖയിൽ നിർദേശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അർഹരായവരെ കണ്ടെത്തി ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 സാന്ത്വന പരിചരണം പ്രോജക്റ്റ് - മരുന്ന് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0014 /23 |
| പ്രോജക്ട് | സാന്ത്വന പരിചരണം |
| അടങ്കൽ | 7,00,000/-<br>(വികസന ഫണ്ട് – പൊതു വിഭാഗം)<br>2,00,000/-<br>(ബ്ലോക്ക് വിഹിതം) |
| ചെലവ് | 7,00,000/-<br>(വികസന ഫണ്ട് – പൊതു വിഭാഗം)<br>1,99,972/-<br>(ബ്ലോക്ക് വിഹിതം) |

മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ സാന്ത്വന പരിചരണം എന്ന പദ്ധതിക്ക് വേണ്ടി താഴെ പറയും പ്രകാരം തുകകൾ KMSCL, ആലപ്പുഴ എന്ന സ്ഥാപനത്തിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ വഴി അടവാക്കിയിട്ടുണ്ട്.

| പ്രൊഫോർമ ഇൻവോയ്സ് നം., തീയതി | തുക | ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകാനുള്ള മരുന്നിന്റെ വില |
|---|---|---|---|
| PRFNo.252/ALP- | 199972 | 158696 | 41276 |

| | | | |
|---|---|---|---|
| CHEPPAD- PHC, 23.11.2022 | | | |
| PRFNo.4768/ALP-CHEPPAD- PHC, 25.02.2023 | 45440 | 41813 | 3627 |
| PRFNo.2625/ALP-CHEPPAD- PHC, 29.11.2022 | 200000 | 179558 | 20442 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/29-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-33 റോഡ് കണക്ടിവിറ്റി മാപ്പ്- പ്രവൃത്തി പൂർത്തീകരിച്ചില്ല

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ – (S099/23)
അടങ്കൽ - 42000/-(തനതുഫണ്ട്)
ചെലവ് വിവരം - 8140/-(750670/31.12.22)
-8140/-(750671/31.12.22)

റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കുന്നതിനായി (R-Track) തൻവർഷം 16280 രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ.വിഷ്ണു.കെ.പി എന്ന വ്യക്തിയുടെ പേരിലുള്ള മുദ്രപത്രവും മസ്റ്ററോളുമാണ് ഫയലിലുള്ളത്. മസ്റ്റർ റോളിൽ പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് നമ്പർ, പ്രവൃത്തി ചെയ്ത കാലയളവ്, ചെയ്ത പ്രവൃത്തിയുടെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ടിയാനുമായി ഏർപ്പെട്ട കരാർ പ്രകാരം(1/AE/LID &EW/CPD/2022-23 തീയതി 8/11/22) വാർഡ് ഒന്നിന് 3000രൂപ നിരക്കിലാണ് വകയിരുത്തിയിട്ടുള്ളത്. എത്ര വാർഡുകളിലെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുൻപാകെ ഹാജരാക്കുന്നതാണെന്നും കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമല്ല. റോഡ് കണക്ടിവിറ്റി മാപ്പ് പരിശോധനയ്ക്കായി ലഭ്യമാക്കുവാനും, പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കുവാനും ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/29.11.23)മറുപടിയായി എല്ലാ ഘട്ടങ്ങളും പൂർത്തീകരിച്ചതിനുശേഷം മാത്രമേ കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കുന്നതുവരെ ചെലവുതുക 16280 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 ടാർ ബാരൽ വിലയും ജി.എസ്.ടിയും കുറവു ചെയ്യുന്നത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു

ഗ്രാമപഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ഏത് ഫണ്ടിൽ നിന്നാണോ തുക ചെലവഴിക്കപ്പെടുന്നത് അതേ ഫണ്ടിലേക്ക് തന്നെയാണ് തിരിച്ചടയ്ക്കേണ്ടതും.ആയതിനാൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ടാർ വാങ്ങിയ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക്

വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ബാരൽ വില ബില്ലിൽ കുറവ് ചെയ്ത തുക @250 | ജി.എസ്.ടി(18%) | ചെലവുവിവരം |
|---|---|---|---|---|
| മങ്ങാട്ടു ജംഗ്ഷൻ കനാൽ സബ്റോഡ് മെറ്റലിംഗ് ടാറിംഗ് 7(so 101/23) | മെയിന്റനൻസ് ഫണ്ട് റോഡ് | 3000 | 540 | 230998/-BRN-22070952008900967032 /28.12.22 |
| വാതല്ലൂർ ജംഗ്ഷൻ കണിയാന്തറ റോഡ് റീ-ടാറിംഗ് (S0086/23) | മെയിന്റനൻസ് ഫണ്ട് റോഡ് | 3750 | 675 | 823926/-BRN-22070952008900946927 /22.12.22 |
| രാമവിലാസം മേടമുക്ക് റോഡ് റീടാറിംഗ് വാർഡ്-3 | മെയിന്റനൻസ് ഫണ്ട് റോഡ് | 3250 | 585 | 670144/-BRN-22070952008900877886 /7.12.22 |
| ആകെ | | 10000 | 1800 | |

മേൽ ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(23/29.11.23)മറുപടിയായി ബാരൽ വില കുറവുചെയ്തത് മെയിന്റനൻസ് ഫണ്ടിലേയ്ക്കും, ജി.എസ്.ടി ഇനത്തിൽ കുറവുചെയ്ത തുക ജി.എസ്.ടി വകുപ്പിലേയ്ക്കും അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളത്. ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും വകുപ്പിലേയ്ക്കും അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ക്രമവൽക്കരണത്തിനുള്ള അപേക്ഷകരിൽ നിന്നും കുറവായി ഫീസ് ഈടാക്കി

1) പെർമിറ്റ് ഫീസിനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ താമസാവശ്യത്തിനുള്ള 150 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങളിൽ നിന്നും 3.5 രൂപ നിരക്കും അതിനുമുകളിലുള്ളവയ്ക്ക് 7/- രൂപ നിരക്കും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 10/-രൂപ നിരക്കുമാണ് ബാധകം. ക്രമവൽക്കരണത്തിനുള്ള ഫീസായി പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കേണ്ടതാണ്. ILGMS പ്രകാരം ക്രമവൽക്കരണത്തിനായി ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ നിന്നും ക്രമവൽക്കരണ ഫീസ് ഇനത്തിൽ കുറവായി തുക

ഈടാക്കിയതായി കാണുന്നു.

| | ഫയൽ നം. | ഉടമ | കെട്ടിട നം./ വിസ്തൃതി (ച.മീ) | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | 400457/ BRRL01/GPO /2022/88 | അശോക് കുമാർ, ഇടശ്ശേരിൽ തെക്കതിൽ, ചേപ്പാട് | 8/183B 181.01$M^2$ | 1142/- | 181.01x7= 1267x2= 2534/- | 1392/- |
| 2 | 400457/ BRRL01/GPO /2022/98 | ലൈല തോമസ്, ടോംസ് വില്ല, ഏവൂർ നോർത്ത് | 8/434F 132.83$M^2$ | 465 | 465X2 =930/- | 465/- |
| | | | ആകെ കുറവ് | | | 1857/- |

2) കൂടാതെ പെർമിറ്റ് അപേക്ഷാ ഫീയിനത്തിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018. (SRO No.96/2018;15.02.2018) പ്രകാരം കാറ്റഗറി I & II എന്നിവയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ 100$m^2$ൽ അധികരിക്കുന്ന കെട്ടിടങ്ങൾക്ക് 2500/-രൂപ അപേക്ഷാ ഫീ ഈടാക്കേണ്ടതുമാണ്. ഇപ്രകാരം അപേക്ഷാഫീ (2500X2=5000/-) ഈടാക്കിയിട്ടുള്ളതായും കാണുന്നില്ല.

മേൽ സൂചിപ്പിച്ച ക്രമ നം. 1 പ്രകാരമുള്ള 1857/- രൂപയും ക്രമ നം.2 ൽ സൂചിപ്പിച്ച 5000/-രൂപയും ഉൾപ്പെടെ ആകെ 6857/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 199972 | സാന്ത്വന പരിചരണം | 199972 | 0 |
| | 2022-23 | 640000 | ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ | 640000 | 0 |
| | 2022-23 | 680000 | ലൈഫ് മിഷൻ ഭവന നിർമ്മാണം എസ് സി | 680000 | 0 |
| | 2022-23 | 584475 | പാലിന് സബ്സിഡി | 584475 | 0 |
| | 2022-23 | 196710 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 196710 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 2301157 | | 2301157 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 135000 | അനുപൂരക പോഷകാഹാര പദ്ധതി - ജനറൽ | 135000 | 0 |
| | | 100000 | പാലിന് സബ്സിഡി | 100000 | |
| | | 71070 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 71070 | |
| | | 93600 | പകൽ വീടിന് സാധനങ്ങൾ വാങ്ങൽ | 93600 | |
| ആകെ | | 399670 | | 399670 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതുടാപ്പ് വിച്ഛേദിക്കൽ | PFMS/DSC /R122208729360 തീയതി.31.12.2022- 300000/-രൂപ | 300000 | 160655 | 139345 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ | 1. PFMS/DSC /R122205479033 തീയതി.21.12.2022- 475054/-രൂപ<br>2. PFMS/DSC /R122205555973 തീയതി.21.12.2022- 17110/-രൂപ<br>3.PFMS/DSC /R122205808954 തീയതി.22.12.2022- 393990/-രൂപ<br>4.PFMS/DSC /R032312604967 തീയതി.30.03.2023- 42035/-രൂപ | 928189 | 0 | 928189 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | PFMS/DSC /R032311941352 തീയതി.29.03.2023 | 297000 | 0 | 297000 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് | 1.ബിൽ നം.28 തീയതി.20.12.2022-369340/-രൂപ<br>2.ബിൽ നം.32 തീയതി.21.01.2023-175312/-രൂപ | 544652 | 0 | 544652 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 150000 | 0 | 150000 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 260000 രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 260000 | 5535182 | 1331410 | 4463772 |

4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6216056 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 6216056 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6216056 |

*സ്ഥിര നിക്ഷേപത്തിന് 3 മാസം കൂടുമ്പോൾ ലഭിക്കുന്ന പലിശ അതത് സമയം തന്നെ തനത് ഫണ്ടിലേയ്ക്ക് നിക്ഷേപിക്കപ്പെടുന്നുണ്ട്. ഇത്തരത്തിൽ തൻവർഷം ലഭിച്ച പലിശ 233462/-രൂപ തനത് ഫണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഫെഡറൽ ബാങ്ക് | 17.08.2019 | 3 മാസം | 5989516 | 3 മാസം കൂടുമ്പോൾ |

| | | | | | |
|---|---|---|---|---|---|
| | (അക്കൌണ്ട് നം.13100400105329) | | | | ലഭിക്കുന്ന പലിശ തനത് ഫണ്ടിലേക്ക് നിക്ഷേപിക്കപ്പെടുന്നു |
| 2 | ഫെഡറൽ ബാങ്ക് (അക്കൌണ്ട് നം.13100400105691) | 30.08.2019 | 3 മാസം | 226540 | 3 മാസം കൂടുമ്പോൾ ലഭിക്കുന്ന പലിശ തനത് ഫണ്ടിലേക്ക് നിക്ഷേപിക്കപ്പെടുന്നു |
| | ആകെ | | | 6216056 | |

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | : 16224397 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 35345823 |
| ആകെ | : 51570220 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 32889825 |
| നീക്കിയിരിപ്പ് | : 18680395 |
| വരവിനങ്ങളിലുള്ള നഷ്ടം | : 6857 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 3487115 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 6857 | | ശ്രീമതി.ശ്രീലേഖ.ജി.എസ് സെക്രട്ടറി |
| ആകെ | 6857 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 139345 | ശ്രീമതി.ശ്രീലേഖ.ജി.എസ്. സെക്രട്ടറി |
| 1-23 | 1100000 | ശ്രീമതി.ശ്രീലേഖ.ജി.എസ്. |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-24 | 150000 | ശ്രീമതി.ശ്രീലേഖ.ജി.എസ്. സെക്രട്ടറി |
| 1-26 | 253421 | ഡോ.രേഖ സാഗർ വെറ്ററിനറി സർജൻ |
| 1-27 | 544652 | ശ്രീമതി.ശ്രീലേഖ.ജി.എസ് സെക്രട്ടറി |
| 1-28 | 58228 | ശ്രീമതി.ശ്രീലേഖ.ജി.എസ് സെക്രട്ടറി |
| 1-29 | 1225189 | ശ്രീമതി.ശ്രീലേഖ.ജി.എസ് സെക്രട്ടറി |
| 1-33 | 16280 | ശ്രീമതി.സ്നേഹ ബാബു.എച്ച് അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3487115 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശ്രീലേഖ.ജി.എസ്, സെക്രട്ടറി | സെക്രട്ടറി, ചേപ്പാട് ഗ്രാമപഞ്ചായത്ത് | ആനന്ദഭവനം വാര്യം, ഹരിപ്പാട്.പി.ഒ |
| ശ്രീമതി.രേഖ സാഗർ വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, ചേപ്പാട് ഗ്രാമപഞ്ചായത്ത് | നന്ദനം, പെരിങ്ങാല പി.ഒ കായംകുളം |
| ശ്രീമതി.സ്നേഹ ബാബു.എച്ച് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേപ്പാട് ഗ്രാമപഞ്ചായത്ത് | 1B-കോർഡിയൽ എസ്റ്റേറ്റ്, പി.എം.ജി വഞ്ചിയൂർ.പി.ഒ. തിരുവനന്തപുരം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ/എ.എൽ.പി/പി.4/1308/2022/28.04.2023 |
| 1997-98 (ചെലവ്) | |

| | |
|---|---|
| 1998-99 (ചെലവ്) | |
| 1999-2000 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11, 2011-12 | |
| 2012-13 | |
| 2013-14 | |
| 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | |
| 2018-19 | |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി.4/387/2021/12.04.2021 |
| 2020-21 | കെ.എസ്.എ/എ.എൽ.പി/പി.4/651/2022/03.07.2022 |
| 2021-22 | കെ.എസ്.എ/എ.എൽ.പി/പി.4/266/2023/23.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 13-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Cheppad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cheppad Grama Panchayat for the year 2022-2023

Date: 20/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Cheppad Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Discrepancies in carrying forward of the closing balance in respect of asset detailed below

| Item | Closing Balance as per 2021-22 Balance sheet | Opening balance as per 2022-23 Trial Balance |
|---|---|---|
| 450210101-Nationalised Bank account of own | 14740752 | 14740762 |

| | | |
|---|---|---|
| revenue fund | | |

2.Non Inclusion of Assets

a).The land on which the Panchayat is located is not included as an asset.

b).The electric vehicle purchased during 2022-23 is not included as an asset.

**2.Other Observations**

1.The following mandatory statements prescribed in accounts rules are not submitted for audit
a).Ratios
b).Notes to accounts
2.Cash flow statement- Net increase/Decrease in cash flow does not match with difference between the opening balance and closing balance of the cash & cash equivalents.
3.Misclassification of Receipt voucher-
a).Amount received in respect of Rent from Buildings wrongly accounted in the head of Rent from Auditoriums & Halls.
b).Amount received in respect of GST wrongly accounted in the head of Rent from Buildings.
c).Amount received in respect of Interest from Fixed deposit wrongly accounted in the head of Interest from Bank accounts.
4. Cheque uncashed for more than 3 months were not transfered to stale cheque account.
5.Payment Voucher Misclassification
a).Advance to implimenting agencies has not been booked in proper head of account
b).Amount expended for Widows daughters marriage wrongly accounted in the head of Deposit received from others.
6.Advance register is not reliable for audit.
7.Lapses in making timely and accurate demand entries in respect of tax and non tax revenue.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്